# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1925 — 16.06.2014-ൽ മറുപടിയ്ക്ക്

**<u>പരിസ്ഥിതിലോല നിയമഭേദഗതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>„ പി.സി. ജോർജ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതിലോല നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ ; | എ) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമം എന്ന ഒരു നിയമം നിലവിലില്ല. എന്നാൽ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമം സംബന്ധിച്ച ദേഭഗതി സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമപ്രകാരം വനമേഖലയിലെ എത്ര വിസ്തൃതി ഭൂപ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ ; | ബി) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമം എന്ന ഒരു നിയമം നിലവിലില്ല. എന്നാൽ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമ പ്രകാരം 14589 ഹെക്ടർ സ്ഥലം ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ എന്തെല്ലാം അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കാമോ ? | സി) കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമ പ്രകാരം ഏറ്റെടുത്ത ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ